നമ്പർ. സി.ബി. (4) 35862/2008

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 02-08-2008

## സർക്കുലർ നമ്പർ 53/2008

വിഷയം : സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ (ബാങ്കിംഗ് റഗുലേഷന്റെ പരിധിയിലുൾപ്പെടുന്ന സ്ഥാപനങ്ങൾ ഉൾപ്പെടെ) പരമാവധി വാങ്ങാവുന്ന കടം (എം.ബി.പി.) - പരിധി ഉയർത്തുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : (1) സഹകരണ സംഘം രജിസ്ട്രാറുടെ 02-05-05 ലെ 13/2005 നമ്പർ സർക്കുലർ.

(2) സഹകരണ സംഘം രജിസ്ട്രാറുടെ 16-02-06 ലെ 8/2006 നമ്പർ സർക്കുലർ.

(3) 22-07-08 ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിലെ തീരുമാനം.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ മുതലായ സഹകരണ സ്ഥാപനങ്ങൾക്ക് പരമാവധി വാങ്ങാവുന്ന കടം (എം.ബി.പി.) പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം, കരുതൽ ധനം എന്നിവയുടെ 100 മടങ്ങ് വരുന്ന തുകയായി നിശ്ചയിച്ചുകൊണ്ട് സൂചന (1) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾക്ക് വാങ്ങാവുന്ന പരമാവധി കടം (എം.ബി.പി.) പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം, കരുതൽ ധനം എന്നിവയുടെ 90 മടങ്ങ് വരുന്ന തുക നിശ്ചയിച്ചുകൊണ്ട് സൂചന (2) പ്രകാരവും സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

22-07-08 ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ സഹകരണ സ്ഥാപനങ്ങളിലെ വൈവിധ്യമാർന്ന വായ്പാ വിതരണം കണക്കിലെടുത്തും, പ്രവർത്തന വിപുലീകരണം കണക്കിലെടുത്തും സംഘങ്ങൾ/ബാങ്കുകൾ വാങ്ങാവുന്ന പരമാവധി കടം (എം.ബി.പി.) ഉയർത്തേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു.

സംസ്ഥാനത്തെ മിക്ക ജില്ലാ സഹകരണ ബാങ്കുകളും, കാർഷിക വായ്പാ സഹകരണ സംഘങ്ങളും ഇപ്പോൾ തന്നെ പരമാവധി വായ്പാ പരിധിയിൽ എത്തി നിൽക്കുന്ന അവസ്ഥയും വായ്പാ സഹകരണ സംഘങ്ങളുടെ വൈവിധ്യമാർന്ന വായ്പാ വിതരണവും കണക്കിലെടുത്ത് ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകളുടെയും, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടെ പരമാവധി വാങ്ങാവുന്ന കടം (എം.ബി.പി.) പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം, കരുതൽ ധനം എന്നിവയുടെ ആകെ തുകയുടെ 150 മടങ്ങ് ആയി നിജപ്പെടുത്തുന്നതിന് അനുവദിച്ചിരിക്കുന്നു.

മേൽ പരാമർശിച്ച പ്രകാരം പരിധി ഉയർത്തേണ്ട സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവയുടെ പൊതുയോഗ തീരുമാനപ്രകാരം നിയമാവലിയിൽ വേണ്ട ഭേദഗതി വരുത്തേണ്ടതും ഭേദഗതി അംഗീകരിച്ചു ലഭിക്കുന്നതിനുള്ള അപേക്ഷ യഥാവിധി നൽകേണ്ടതുമാണ്.

ഒപ്പ്

റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

_പകർപ്പ്_

(1) മാനേജിംഗ് ഡയറക്ടർ,
സംസ്ഥാന സഹകരണ ബാങ്ക്,
തിരുവനന്തപുരം.

(2) മാനേജിംഗ് ഡയറക്ടർ,
സംസ്ഥാന സഹകരണ കാർഷിക ഗ്രാമ
വികസന ബാങ്ക്, തിരുവനന്തപുരം.

(3) ജനറൽ മാനേജർ
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.

(4) എല്ലാ പ്രാഥമിക കാർഷിക, കാർഷികേതര
സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും.
(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ മുഖേന)

(5) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും.

(6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും.
(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)

(7) ഈ ഓഫീസിലെ എല്ലാ സെക്ഷൻ ഓഫീസർമാർക്കും.

(8) എഡിറ്റർ, സഹകരണ വീഥി – പ്രസിദ്ധീകരണത്തിന്.

(9) എഡിറ്റർ, സഹകരണ ജേർണൽ – പ്രസിദ്ധീകരണത്തിന്.

(10) സ്റ്റോക്ക് ഫയൽ, സ്പെയർ.

ആജ്ഞാനുസരണം

Slathe

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി